Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

# GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം - ഇലക്ട്രിക്കൽ/നെറ്റ് വർക്ക് ജോലികൾ ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതിന് തെരഞ്ഞെടുത്ത കോൺട്രാക്ടർമാരുടെ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ (സാധാ) നം.822/2011/തസ്വഭവ. തിരുവനന്തപുരം, തീയതി 19.03.2011

പരാമർശം :- 1. സ.ഉ (സാധാ) നം.1928/2010/തസ്വഭവ തീയതി 11.06.2010
2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 11.2.11 ലെ ഐകെഎം/പി&ഡബ്ല്യൂ 696/2010 -11 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ ഇലക്ട്രിക്കൽ/നെറ്റ്വർക്ക് ജോലികൾ 31.12.2010 നു മുമ്പ് ചെയ്തു തീർക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ തെരഞ്ഞെടുത്ത കോൺട്രാക്ടർമാരുടെ ലിസ്റ്റിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു.

പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇലക്ട്രിക്കൽ/നെറ്റ്വർക്ക് ജോലികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ കോൺട്രാക്ടർമാരുടെ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകണമെന്ന് പരാമർശം രണ്ടിലെ കത്തിൽ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ/നെറ്റ് വർക്ക് ജോലികൾ ചെയ്യുന്നതിനുള്ള കോൺട്രാക്ടർമാരുടെ ലിസ്റ്റിന്റെ കാലാവധി 31.03.2011 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. 31.03.2011 നകം ഇത് സംബന്ധിച്ച എല്ലാ ജോലികളും പൂർത്തിയാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എബി പോൾ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എസ്.എഫ്/ഒ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ